## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3601** **14-07-2022 - ൽ മറുപടിയ്ക്ക്**

## കടുത്തുരുത്തി ഓട്ടോമാറ്റിക് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മോനിപ്പള്ളിയിൽ പ്രവർത്തിക്കുന്ന ഓട്ടോമാറ്റിക് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷന്റെ പ്രവർത്തനം പൂർണ്ണമായും നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഓട്ടോമാറ്റിക് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷന്റെ പ്രവർത്തനം പൂർണമായും സ്ഥാപിക്കുന്നതിനാവശ്യമായ നടപടികളുടെ ഭാഗമായി, പ്രസ്തുത സ്റ്റേഷന്റെ ഫെസിലിറ്റി മാനേജ്മെന്റ് സർവീസസ് ദാതാവായ കെൽട്രോണിന്, 16/01/2018 മുതൽ 15/01/2021 വരെ ലഭ്യമാക്കേണ്ടിയിരുന്ന തുക അനുവദിക്കുന്നതിനായി, 02/04/2022-ലെ സ.ഉ.(സാധാ.)നം.146/2022/ട്രാൻസ് പ്രകാരം, സർക്കാർ, ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്റ്റേഷൻ ആരുടെ സാങ്കേതിക സഹായത്താലാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ ; ഇതിനായി പ്രത്യേകം സ്റ്റാഫിനെ മോട്ടോർ വാഹന വകുപ്പ് നിയമിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | ഫെസിലിറ്റി മാനേജ്മെന്റ് സർവീസസ് ദാതാവായ കെൽട്രോണാണ് ഓട്ടോമാറ്റിക് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷന്റെ പ്രവർത്തനത്തിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നത്. സ്റ്റേഷന്റെ പ്രവർത്തനത്തിനായി മോട്ടോർ വാഹന വകുപ്പ് പ്രത്യേകം സ്റ്റാഫിനെ നിയമിച്ചിട്ടില്ല. |
| (സി) | പ്രസ്തുത സ്റ്റേഷനിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തിയാകുവാൻ ഉള്ളതെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അവ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | (സി) | മോനിപ്പള്ളിയിലെ ഓട്ടോമാറ്റിക് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ കെട്ടിടത്തിന്റെ മുൻ ഭാഗത്തും റോഡിലുമായി ഇന്റർലോക്ക് കട്ടകൾ പാകുക, എർത്ത് ഫില്ലിംഗ് നടത്തുക, ഓട നിർമ്മാണം പൂർത്തിയാക്കുക എന്നീ പ്രവർത്തികൾ പൂർത്തീകരിക്കുവാനുണ്ട്. സ്റ്റേഷന്റെ അനുബന്ധ നിർമ്മാണ പ്രവർത്തികൾ ചെയ്യുന്നതിനുള്ള കരാർ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് (കെ.ഇ.എൽ.)-നാണ് നൽകിട്ടുള്ളത്. കരാർ പ്രകാരമുള്ള സമയപരിധിക്കകം പ്രവൃത്തി പൂർത്തിയാക്കുവാൻ കെ.ഇ.എൽ.-ന് സാധിച്ചില്ല. ആയതിനാൽ, കെ.ഇ.എൽ.-ൽ നിന്നും പിഴ ഈടാക്കുവാൻ അക്കൌണ്ടന്റ് ജനറൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, സ്ഥലം ഏറ്റെടുക്കുന്നതിന് പ്രാരംഭഘട്ടത്തിൽ |

| | | | |
|---|---|---|---|
| | | | ഉണ്ടായ കാലതാമസം, അമിതമായ മഴ കാരണം നിർമ്മാണ പ്രവർത്തികൾ നടത്തുവാൻ കഴിയാത്തവിധം ചെളി നിറഞ്ഞു കിടന്ന സാഹചര്യം, സ്ഥലം രൂപപ്പെടുത്തുന്നതിനായി (land filling) മണ്ണ് ലഭിക്കാനുണ്ടായിരുന്ന ബുദ്ധിമുട്ട്, കോവിഡ്-19 മഹാമാരി തുടങ്ങിയ കാരണങ്ങളാലാണ് പ്രവൃത്തി വൈകിയതെന്ന് കെ.ഇ.എൽ. അറിയിച്ചിട്ടുണ്ട്. കൂടാതെ, പദ്ധതിയുടെ മൊത്തം തുക വർദ്ധി പ്പിക്കണമെന്നും, നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കുന്നതിന് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെടണമെന്നും ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഒടുക്കേണ്ട പിഴ തുക കോവിഡ്-19 മഹാമാരിയുടേയും മഴക്കെടുതിയുടേയും വെളിച്ചത്തിൽ എഴുതിത്തള്ളണമെന്നും കെ.ഇ.എൽ. അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത അഭ്യർത്ഥന സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ